## കഴിഞ്ഞ വർഷത്തെ മദ്യ വരുമാനം: 5,830 കോടി

# ഒരു ശതമാനം തെങ്ങുകൾ 'നീര'ക്ക് ഉപയോഗിച്ചാൽ 5,400 കോടി വരുമാനം

■ **സ്വന്തം ലേഖകൻ**
തിരുവനന്തപുരം

മദ്യനിരോധനത്തോടെ സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താൻ 'നീര'ക്ക് കഴിയുമെന്ന് വിലയിരുത്തൽ. കേരളത്തിൽ 1,800 ലക്ഷം തെങ്ങുകളുണ്ടെന്നാണ് കണക്ക്. ഇതിൽ ഒരു ശതമാനം തെങ്ങുകൾ നീരക്കായി ഉപയോഗിച്ചാൽ 5,400 കോടി രൂപയുടെ വരുമാനം ലഭിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. സംസ്ഥാനത്ത് മദ്യത്തിൽ നിന്ന് കഴിഞ്ഞ വർഷം ലഭിച്ച വരുമാനം 5,830 കോടി രൂപയായിരുന്നു. ഒരു ശതമാനം തെങ്ങുകളിൽ നിന്ന് നീര ഉൽപാദിപ്പിച്ചാൽ സർക്കാരിന് മികച്ച വരുമാനമാണുണ്ടാകുന്നത്. നീര ഉൽപാദനവുമായി ബന്ധപ്പെട്ട് തയാറാക്കിയിട്ടുള്ള പദ്ധതി വിപുലീകരിക്കുന്നത് നിലവിലെ സാഹചര്യത്തിൽ ഗുണം ചെയ്യുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഇപ്പോൾ തയാറാക്കിയിട്ടുള്ള പദ്ധതിയനുസരിച്ച് 3.89 ലക്ഷം ലിറ്റർ നീര വിൽപ്പനയിലൂടെ 1,150 കോടി രൂപ ലഭിക്കുമെന്നുമാണ് കണക്കാക്കുന്നത്.

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നീരയിൽ 60 ശതമാനം ലഘുപാനീയമായും 40 ശതമാനം മറ്റ് മൂല്യവർധിത ഉൽപന്നങ്ങൾക്കുമായി ഉപയോഗിക്കാനാണ് തീരുമാനം. നീര ഉൽപാദനം നടത്തുന്ന പാലക്കാട്ട് കർഷകർക്ക് ഒരു തെങ്ങിൽനിന്ന് മാസം 1,800 രൂപ വരുമാനം ലഭിക്കുന്നുണ്ട്. ഒരു തെങ്ങിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ നീര ലഭിക്കുമെന്നാണ് കണക്ക്. ഇതനുസരിച്ച് 2,59,500 തെങ്ങുകളിൽ നിന്നായി പ്രതിദിനം 3.89 ലക്ഷം ലിറ്റർ നീര ഉൽപാദിപ്പിക്കാനാകും. ലിറ്ററിന് 100– 125 രൂപയായിരിക്കും വിപണിവില. കരിക്കിൻ വെള്ളവും വെർജിൻ കോക്കനട്ട് ഓയിലും സൃഷ്ടിച്ച പ്രതീക്ഷകൾക്ക് പിന്നാലെ നീരയുടെ സാധ്യതകൾ കേരകൃഷി രംഗത്ത് വൻ പുരോഗതിയാണ് ലക്ഷ്യമിടുന്നത്. തെങ്ങിൻ പൂക്കുല ചെത്തുമ്പോൾ ലഭിക്കുന്ന കേര സത്താണ് നീര. തീർത്തും ലഹരിവിമുക്തമായ പാനീയം മധുരക്കള്ളെന്നാണ് അറിയപ്പെടുക. മധുരക്കള്ള് പുളിക്കുമ്പോഴാണ് കള്ളായി മാറുന്നത്. ബാക്ടീരിയകളുടെ പ്രവർത്തനമാണ് പുളിക്കാൻ കാരണം. മധുരക്കള്ള് പുളിക്കാതെ സംസ്കരിച്ചാൽ ദീർഘകാലം നീരയായി സൂക്ഷിച്ചുവെക്കാം. പുളിക്കാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ മൈസൂരിലെ ഡിഫൻസ്ഫുഡ് റിസർച്ച്ലാബ്, സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ചേർന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനിടെ കേരളത്തിന് പിന്നാലെ അഞ്ച് സംസ്ഥാനങ്ങൾകൂടി ഉൽപാദനത്തിന് സന്നദ്ധരായി മുന്നോട്ടുവന്നതോടെ നീര രാജ്യത്തെ പ്രധാന വരുമാനമാർഗമാകുകയാണ്. കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളും ലക്ഷദ്വീപുമാണ് നീര ഉൽപാദത്തിന് തയാറെടുക്കുന്നത്. കർണാടകത്തിലെ കേര വിസ്തൃതി 5.11 ലക്ഷം ഹെക്ടറാണ്. 4,408 മില്യൺ നാളികേരമാണ് ഉൽപാദിപ്പിക്കുന്നത്. രാജ്യത്തെ മൊത്തം നാളികേര ഉൽപാദനത്തിന്റെ 26 ശതമാനം കർണാടകത്തിൽ നിന്നാണ്. 3,89,000 ഹെക്ടറിലാണ് തമിഴ്നാട് കൃഷിചെയ്യുന്നത്. മുൻവർഷത്തിൽ നിന്നും കേരളത്തിന്റെ നാളികേര ഉൽപാദനത്തിൽ 20 കോടിയുടെ കുറവുണ്ടായപ്പോൾ തമിഴ്നാടിന്റെ ഉൽപാദനത്തിൽ 100 കോടിയോളം വർധനയാണുണ്ടായത്.